കേരള സർക്കാർ

സംഗ്രഹം

വനിത ശിശു വികസന വകുപ്പ്: ഗാർഹിക പീഡനത്തിന് വിധേയരാകുന്ന സ്ത്രീകൾക്കായുള്ള സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുടെ 2025-2026 സാമ്പത്തികവർഷത്തെ പ്രവർത്തനഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനിത ശിശു വികസന(എ) വകുപ്പ്

**G.O.(Rt)297/2025/WCDD** **Dated,24/06/2025**

---

പരാമർശം:-

1. സ.ഉ.(കൈ) നം.2/2021 വ.ശി. വി.വ തീയതി 31/08/2021
2. സ.ഉ.(പി) നം.3/2022 വ.ശി. വി. വ തീയതി 29/03/2022
3. വനിത ശിശു വികസന ഡയറക്ടറുടെ 03/04/2025 തീയതിയിലെ DWCD/1868/2025–WEC3 നം.കത്ത്
4. 03.04.2025 തീയതിയിലെ വനിത ശിശു വികസന വകുപ്പിന്റെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം
5. സ.ഉ.(സാധാ) നമ്പർ 240/2025/വശിവിവ തീയതി 31.05.2025.
6. വനിത ശിശു വികസന ഡയറക്ടറുടെ 16/06/2025 തീയതിയിലെ DWCD/1900/2025-WEC3 നം.കത്ത്.

AS/WCD/25/42115

## ഉത്തരവ്

ഗാർഹിക പീഡനത്തിനു വിധേയരാകുന്ന സ്ത്രീകൾക്ക് വിവിധ സേവനങ്ങൾ നൽകുന്നതിന് പരാമർശം (1) പ്രകാരം കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിൽനിന്നും വകുപ്പ് ഏറ്റെടുത്ത 79 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളും പരാമർശം(2) പ്രകാരം പുതിയതായി രജിസ്ട്രേഷൻ അനുമതി നൽകിയ 11 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളും സംസ്ഥാനത്ത് വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വന്നിരുന്നു. പ്രസ്തുത സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളിൽ നിലവിൽ തൃപ്തികരമായി പ്രവർത്തിച്ചു വരുന്ന 77 സർവീസ് പ്രൊവൈഡിംഗ് സെന്ററുകളുടെ 2025-2026 സാമ്പത്തിക വർഷത്തെ ദൈനംദിനപ്രവർത്തനങ്ങൾക്ക്, ഒരു സർവ്വീസ് പ്രൊവൈഡിംഗ് സെന്ററിന് 1,55,000/- രൂപ വീതം ആകെ 1,19,35,000/-രൂപ (ഒരു കോടി പത്തൊൻപത് ലക്ഷത്തി മുപ്പത്തി അയ്യായിരം രൂപ മാത്രം) 2235-02-103-68-03-00-0-P-V ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കണമെന്നും ടി തുക നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ ആകെ വകയിരുത്തിയിട്ടുള്ള 14.5 കോടി രൂപയിൽ നിന്നും കണ്ടെത്താൻ കഴിയുന്നതാണെന്നും വനിത ശിശുവികസന ഡയറക്ടർ പരാമർശം (3),(6) എന്നീ കത്തുകൾ പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ വിശദാംശം

ചുവടെച്ചേർക്കുന്നു.

## Head Of Accounts

Head Of Accounts

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 2235-02-103-68-03-00-0-P-V | 1,19,35,000 | AS/WCD/25/42115 | 2026-03-31 |

പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ - 2235-02-103-68-03-00-0-P-V

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | ഗാർഹിക പീഡനത്തിന് വിധേയരാകുന്ന സ്ത്രീകൾക്കായുള്ള സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുടെ പ്രവർത്തനത്തിനായി 2025 2026 സാമ്പത്തിക വർഷത്തെ ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച് | 1,19,35,000 |
| ആകെ (ഒരു കോടി പത്തൊൻപത് ലക്ഷത്തി മുപ്പത്തി അയ്യായിരം രൂപ) | | **1,19,35,000** |

ക്രമ നമ്പർ 1ന്റെ ഇനങ്ങൾ

| ക്രമ നമ്പർ | ഇനം | അളവ് | നിരക്ക്/യൂണിറ്റ് (രൂപയിൽ) | ആകെ തുക (രൂപയിൽ) |
|---|---|---|---|---|
| 1 | For Conducting Awareness Class among publlc | 77 | 12000 | 9,24,000 |
| 2 | Remuneration to experts such as Clinical Psychologist or Medical Professionals or Psychiatrist etc Medical Expenses TA Stationary Telephone Tapal and Audit Fees Anti Domestic Violence Day observance etc | 77 | 20000 | 15,40,000 |
| 3 | Court expenses in connection with submission of DIR | 77 | 15000 | 11,55,000 |
| 4 | Honorarium for Legal Counsellor | 77 | 108000 | 83,16,000 |
| ആകെ (ഒരു കോടി പത്തൊൻപത് ലക്ഷത്തി മുപ്പത്തി അയ്യായിരം രൂപ) | | | | **1,19,35,000** |

2. 03/04/2025 തീയതിയിലെ 2025-26 സാമ്പത്തിക വർഷത്തെ ഒന്നാമത് വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ 10-ാം ഇനമായി സമഗ്ര ഭരണാനുമതിയ്ക്ക് അംഗീകാരം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം(4) പ്രകാരം സമഗ്ര ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വകുപ്പിനു കീഴിൽ പ്രവർത്തിച്ചുവരുന്ന 77

AS/WCD/25/42115

സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുടെ 2025-2026 സാമ്പത്തിക വർഷത്തെ നടത്തിപ്പിനായി 1,19,35,000/-രൂപ (ഒരു കോടി പത്തൊൻപത് ലക്ഷത്തി മുപ്പത്തി അയ്യായിരം രൂപ മാത്രം)2235-02-103-68-03-00-0-P-V ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

അഡീഷണൽ സെക്രട്ടറി

Women and Child Development

To

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം.

ധനകാര്യ (വനിത ശിശു വികസനം) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി& എസ്.എസ്.എ./എ&ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്.)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഓർഡർ പ്രകാരം കൈമാറി,

Santhosh Kumar T K

Digitally signed by Santhoshkumar T K
Date:2025.06.25 03:53:11 +05:30

AS/WCD/25/42115